(ഡി) ഈ സബ്ഡിവിഷനിൽപ്പെട്ട തൃക്കൊടിത്താനം, കുറിച്ചി, വാഴപ്പള്ളി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന ജോലികൾ പൂർത്തിയാകാനുണ്ട്.

1. ക്ലാറിഫയർ, ക്ലിയർ വാട്ടർ സമ്പ് എന്നിവയുമായുള്ള ഇന്റർ കണക്ഷൻ ജോലികൾ.

2. ഇടഞ്ഞക്കുഴി തകിടിയിൽ 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നത തല ജലസംഭരണിയുടേയും 85,000 ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടേയും പണികൾ.

3. മാടപ്പള്ളി വില്ലേജിൽ ടാപ്പുകൾ സ്ഥാപിക്കുക.

4. കറുകച്ചാൽ, വാകത്താനം എന്നീ വില്ലേജുകളിലെ ജലവിതരണക്കുഴലുകളിലെ ഇന്റർ കണക്ഷൻ ജോലികൾ.

5. കെമിക്കൽ ഹൗസ്, ക്ലാറിഫിൽറ്റർ എന്നിവ വൃത്തിയാക്കുന്നതിനാവശ്യമുള്ള വെള്ളം സംഭരിച്ചുവയ്ക്കുന്നതിനുള്ള ഉന്നതതല സംഭരണിയുടെ പണി.

6. ജലശുദ്ധീകരണശാലയിലേക്കും സമ്പിലേക്കുമുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക.

(ബി) ഭൂതലസംഭരണിയും ഉന്നതതല സംഭരണിയും പണിയുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമായാലുടൻതന്നെ ഇവയുടെ പണി ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാനാവും. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ വേണ്ട തുക വൈദ്യുതി ബോർഡിന് നൽകിയിട്ടുണ്ട്. മറ്റുള്ളവയുടെ പണികൾ പുരോഗമിച്ചുവരുന്നു.

(സി) ഈ സ്കീമിനുവേണ്ടിയുള്ള പമ്പിംഗ് മെയിൻ 110 എം.എം. (6 കി.ഗ്രാം) പി.വി.സി. പൈപ്പാണ്. ഈ പൈപ്പുകൾ കൂടെക്കൂടെ പൊട്ടുന്നുണ്ട്. ആയതിനാൽ ഈ പൈപ്പുകൾ മാറ്റി പകരം 110 എം.എം. (10 കി.ഗ്രാം) പൈപ്പുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പൈപ്പുകൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(ഡി) തൃക്കൊടിത്താനം, കുറിച്ചി, വാഴപ്പള്ളി എന്നീ പഞ്ചായത്തുകളിൽ ചങ്ങനാശ്ശേരി ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ഇപ്പോൾ ജലം വിതരണം നടത്തുന്നുണ്ട്. എങ്കിലും ഇത് അപര്യാപ്തമാണ്. തൃക്കൊടിത്താനത്തേക്കും വാഴപ്പള്ളിയിലെ ഉയർന്ന പ്രദേശങ്ങളിലേക്കും കുറിച്ചി പഞ്ചായത്തിലേയ്ക്കും പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ച് ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാക്കുവാൻ വേണ്ട പരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

38 (1683) വലിയകുളം പുഴിക്കുന്ന് ശുദ്ധജലപദ്ധതി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽപ്പെട്ട വലിയകുളം പൂഴിക്കുന്ന് എന്നീ ശുദ്ധജല പദ്ധതിയിൽ നിന്നും കുറെ മാസങ്ങളായി ശുദ്ധജലം ലഭിക്കുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളിലെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തിയാക്കി ശുദ്ധജലം എത്തിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂഴിക്കുന്ന് പദ്ധതിക്കുവേണ്ടി അടിയന്തിരമായി പമ്പ് വാങ്ങുകയും അത് ഘടിപ്പിക്കുന്ന ജോലികൾ, തുടങ്ങുകയും ചെയ്തു. ഈ പണി പൂർത്തിയാകുമ്പോൾ ശുദ്ധജലം ഉയർന്ന പ്രദേശങ്ങളിലും കൂടി എത്തിക്കുവാൻ സാധിക്കും. കൂടാതെ വലിയകുളം പദ്ധതിക്ക് വേണ്ടി കൂടുതൽ ശേഷിയുള്ള ഒരു പമ്പ് അടിയന്തിരമായി വാങ്ങുന്നതിലേക്കായി നടപടി സ്വീകരിച്ചു വരുന്നു.

39 (1684) വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന മെക്കാനിക്കൽ സബ് ഡിവിഷൻ ഓഫീസ് കണ്ണൂരിലേക്ക് മാറ്റിസ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന മെക്കാനിക്കൽ സബ്ഡിവിഷൻ ഓഫീസ് കണ്ണൂരിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനപരിധിയിൽ ഏതൊക്കെ ജില്ലകൾ ഉൾപ്പെടുമെന്ന് വിശദമാക്കുമോ;

(ഡി) ജീവനക്കാർക്കും മറ്റു വിഭാഗം ജനങ്ങൾക്കും സൗകര്യപ്രദമായ സ്ഥലത്താണ് ഇപ്പോൾ ഓഫീസ് പ്രവർത്തിച്ചുവരുന്നതെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ;

(ഇ) ഇല്ലെങ്കിൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് പ്രസ്തുത ഓഫീസ് മാറ്റുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഓഫീസ് കണ്ണൂർ സിവിൽ സ്റ്റേഷനിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണോയെന്നും ഓഫീസ് മാറ്റുന്നതിനും ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള സാമ്പത്തിക ചെലവ് എത്രയാണെന്നും റിപ്പോർട്ട് ചെയ്യാൻ ജലസേചന വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly